## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 26 — 05/03/2012ൽ മറുപടിക്ക്

### പി.എസ്.സി. പരീക്ഷാ സമ്പ്രദായങ്ങളിലെ സമൂലമാറ്റം

**ചോദ്യം:**

ശ്രീ. പി.സി. വിഷ്ണുനാഥ്
ശ്രീ. കെ.ശിവദാസൻ നായർ
ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. ഐ.സി.ബാലകൃഷ്ണൻ

(എ) പരീക്ഷാ സമ്പ്രദായങ്ങളിൽ സമൂലമായ മാറ്റത്തിന് എന്തെല്ലാം തയ്യാറെടുപ്പുകളാണ് പി.എസ്.സി. നടത്തുവാനുദ്ദേശിക്കുന്നത്;

(ബി) ഇതിനായി . ക്വസ്റ്റ്യൻ ബാങ്ക്-കം-ഓൺലൈൻ എക്സാമിനേഷൻ സംവിധാനം തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി)ഇതിനായി ഇതുവരെ എന്തെല്ലാം നടപടികൾ ആരംഭിച്ചിട്ടുണ്ട് ?

**ഉത്തരം:**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) പരീക്ഷാ സമ്പ്രദായത്തിൽ സമൂലമായ മാറ്റത്തിന് ചോദ്യബാങ്ക് രൂപീകരിക്കാൻ പബ്ളിക് സർവ്വീസ് കമ്മീഷൻ നയപരമായി തീരുമാനിച്ചിട്ടുണ്ട്.

(ബി) + (സി) ചോദ്യബാങ്ക് തയ്യാറാക്കുന്നതിനായി വിഷയ വിദഗ്ധരിൽനിന്നും ചോദ്യങ്ങൾ ശേഖരിക്കുന്നതിന് ആവശ്യമായ സോഫ്റ്റ് വെയർ ഉൾപ്പെടെയുള്ള സാങ്കേതിക സൗകര്യങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഓൺ-ലൈൻ പരീക്ഷകൾ നടത്തുന്നത് സംബന്ധിച്ച കാര്യങ്ങളിൽ ഇതേവരെ തീരുമാനം ഒന്നും കൈക്കൊണ്ടിട്ടില്ല.

സെക്ഷൻ ഓഫീസർ